കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വയോജനങ്ങൾക്ക് സീറ്റ് സംവരണം

17(*223) ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെങ്കിലും വിഭാഗങ്ങൾക്ക് വീണ്ടും സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് ബസ് യാത്രയ്ക്ക് സീറ്റ് സംവരണം വേണമെന്ന് കണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന കേരള സീനിയർ സിറ്റിസൺസ് ഫോറം സമർപ്പിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ഇ) 1999 വർഷം ലോക വയോജനവർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിലും ബസ് യാത്രയിൽ വയോജനങ്ങൾ അനുവദിക്കുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ചും ഇക്കാര്യത്തിലുള്ള തീരുമാനം ഉടൻ നടപ്പിലാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സ്ത്രീകൾക്ക് 25% സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ സിറ്റി, ഓർഡിനറി, നിസർവേഷൻ ഇല്ലാത്ത ഫാസ്റ്റ് പാസഞ്ചർ എന്നീ സർവ്വീസുകളിൽ അന്ധർക്ക് ഒരു സീറ്റും, വികലാംഗർക്ക് 2 സീറ്റും, സീനിയർ സിറ്റിസൺസിന് 2 സീറ്റും സംവരണം ചെയ്തിട്ടുണ്ട്.

(സി) ടി നിവേദനം കിട്ടിയിട്ടുണ്ട്.

(ഡി) കെ.എസ്.ആർ.ടി.സി. സിറ്റി, ഓർഡിനറി, നിസർവേഷൻ ഇല്ലാത്ത ഫാസ്റ്റ് പാസഞ്ചർ എന്നീ ബസ്സുകളിൽ 65 വയസ്സ് കഴിഞ്ഞവർക്ക് 2 സീറ്റും സംവരണം ചെയ്തുകൊണ്ട് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly